**14 -ാം കേരള നിയമസഭ**

**22 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2475** **21-01-2021 - ൽ മറുപടിയ്ക്ക്**

**ആറ്റിങ്ങൽ ശ്രീപാദം സ്റ്റേഡിയം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ബി .സത്യൻ | | **Shri E. P. Jayarajan**<br>**(വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി)** | |
| (എ) | ഈ സർക്കാർ അധികാരമേറ്റ ശേഷം ആറ്റിങ്ങൽ ശ്രീപാദം സ്റ്റേഡിയത്തിൽ നടപ്പിലാക്കിയ വികസനപ്രവർത്തനങ്ങൾ ഏതെല്ലാമെന്ന് വിശദമാക്കുമോ ? | (എ) | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ആറ്റിങ്ങൽ ശ്രീപാദം സ്റ്റേഡിയത്തിലെ വിവിധ പ്രവൃത്തികൾക്കായി 922.25 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. ആയതിൽ 247.25 ലക്ഷം രൂപയുടെ പ്രവൃത്തികൾ പൂർത്തികരിക്കുകയും 675 ലക്ഷം രൂപ വകയിരുത്തിയിട്ടുള്ള 400 മീറ്റർ അത്ലറ്റിക് സിന്തറ്റിക് ട്രാക്കിന്റെ നിർമ്മാണം അന്തിമ ഘട്ടത്തിലുമാണ്. പ്രവൃത്തികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു. പൂർത്തീകരിച്ച പദ്ധതികൾ 1) ആൺകുട്ടികളുടെയും പെൺകുട്ടികളുടെയും ഹോസ്റ്റലുകളുടെ നവീകരണം, ഇൻഡോർ സ്റ്റേഡിയത്തിന്റെ നവീകരണം എന്നി പ്രവൃത്തികൾക്കായി 64.08 ലക്ഷം രൂപയുടെ ഭരണാനുമതി നൽകുകയും ഇ-ദർഘാസുകൾ ക്ഷണിച്ച് പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. 2) ആൺകുട്ടികളുടെയും പെൺകുട്ടികളുടെയും ഹോസ്റ്റലുകളിൽ അധിക സൗകര്യങ്ങൾ ഏർപ്പാടാക്കുന്നതിലേയ്ക്കായും അറ്റ കുറ്റപ്പണികൾക്കുമായി 27.17 ലക്ഷം രൂപയുടെ ഭരണാനുമതി നൽകുകയും തുടർന്ന് ഇ-ദർഘാസുകൾ ക്ഷണിച്ച് പ്രവൃത്തി പൂർത്തികരിക്കുകയും ചെയ്തിട്ടുണ്ട്. 3) ഫിഫ നിലവാരത്തിലുള്ള ഫുട്ബോൾ ടർഫ് നിർമ്മിച്ചിട്ടുണ്ട്. 4) സ്പോർട്സ് ലൈഫ് ജിംനേഷ്യവും, അതിനാവശ്യമായ ഉപകരണങ്ങളും സ്ഥാപിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ